**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3392** **26-06-2024 - ൽ മറുപടിയ്ക്ക്**

**ബാല - കൗമാര തൊഴിലാളി (നിരോധനവും നിയന്ത്രണവും) നിയമം നടപ്പാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ബാല - കൗമാര തൊഴിലാളി (നിരോധനവും നിയന്ത്രണവും) നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നടത്തിയ വിവിധ പ്രവർത്തനങ്ങളെയും പരിശോധനകളേയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ? | (എ) | സംസ്ഥാനത്ത് തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം പരിശോധന നടത്തുന്നതിനോപ്പം തന്നെ ചൈൽഡ് ആന്റ് അഡോളസന്റ് ലേബർ (പ്രൊഹിബിഷൻ ആന്റ് റെഗുലേഷൻ) നിയമപ്രകാരമുള്ള പരിശോധനയും നടത്തി വരുന്നുണ്ട്. ഇത് കൂടാതെ എല്ലാ ജില്ലകളിലും ജില്ലാ തല മോണിറ്ററിങ് കമ്മിറ്റിയും ജില്ലാതല ടാസ്ക് ഫോഴ്സും രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയും യോഗം ചേർന്ന് ബാലവേല നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>ലോക ബാലവേല വിരുദ്ധ ദിനമായ ജൂൺ 12 സംസ്ഥാനത്ത് എല്ലാ വർഷവും ആചരിച്ചു വരുന്നുണ്ട്. 2024-ൽ ടി ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തൊഴിൽ വകുപ്പ് മന്ത്രി തിരുവനന്തപുരത്ത് നിർവഹിച്ചു.<br><br>01/11/2023-ലെ സ.ഉ.(സാധാ) നമ്പർ 1333/2023/LBR പ്രകാരം കോർ കമ്മിറ്റി ഓൺ ചൈൽഡ് ലേബർ, 01/11/2023-ലെ സ.ഉ.(സാധാ) നമ്പർ 1334/2023/LBR പ്രകാരം സ്റ്റേറ്റ് മോണിറ്ററിംഗ് കമ്മിറ്റി ഓൺ ചൈൽഡ് ലേബർ എന്നിവ പുനഃസംഘടിപ്പിച്ചിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചൈൽഡ് ആന്റ് അഡോളസന്റ് ലേബർ (പ്രൊഹിബിഷൻ ആന്റ് റെഗുലേഷൻ) നിയമ പ്രകാരം സംസ്ഥാനത്ത് 1,632 പരിശോധനകൾ തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. പരിശോധനാവേളയിൽ ബാലവേല ചെയ്യുന്ന കുട്ടികളെ കണ്ടെത്തിയാൽ ചൈൽഡ് വെൽഫെയർ കമ്മിറ്റി മുൻപാകെ ഹാജരാക്കി നിയമനടപടികൾ പൂർത്തിയാക്കിയ ശേഷം അവരുടെ |

| | | | |
|---|---|---|---|
| | | | മാതാപിതാക്കൾക്കൊപ്പം അയച്ചിട്ടുണ്ട്. കൂടാതെ ടി നിയമ പ്രകാരം കണ്ടെത്തിയ ലംഘനങ്ങൾ പരിഹരിക്കുന്നതിന് പരിശോധന ഉത്തരവ് തൊഴിലുടമകൾക്ക് നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ